സമഗ്ര ഗുണമേന്മ വിദ്യാഭ്യാസം



# അക്കാദമിക്

# മാസ്റ്റർ പ്ലാൻ

# 2025-26

ഉമ്പിച്ചി ഹാജി ഹയർസെക്കണ്ടറി സ്കൂൾ, ചാലിയം

സ്കൂൾ കോഡ് : 17078

# ആമുഖം

കോഴിക്കോട് ജില്ലയിൽ കടലുണ്ടി പഞ്ചായത്തിൽ ചാലിയത്താണ്  സ്കൂൾ സ്ഥിതി ചെയ്യുന്നത്. പ്രശസ്തമായ ബേപ്പൂർ തുറമുഖത്തിൽ നിന്ന് ഒരു കിലോമീറ്ററും കടലുണ്ടി റെയിൽവെസ്റ്റേഷനിൽ നിന്ന് നാല് കിലോമീറ്ററുമാണ് സ്കൂളിലേക്കുള്ള ദൂരം.1948 ൽ വർത്തക പ്രമുഖനായിരുന്ന ജനാബ്. ഹാജി പി.ബി. ഉമ്പിച്ചി . ജെ.പി ആണ് ഇതിന്റെ സ്ഥാപകൻ.സ്കൂളിന്റെ നടത്തിപ്പ് തന്മിയത്തുൽ ഇസ്ലാം അസോസിയേഷൻ എന്ന സംഘത്തിനാണ്.

## ചരിത്രം

1925 ൽ മദ്രസത്തുൽ ഇഹ് യാ എന്ന മത പഠനശാല പിന്നീട് മദ്രസത്തുൽ മനാർ ഹയർ എലിമെന്ററി സ്കൂൾ എന്ന പേരിൽ ഭൗതിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകി, സ്കൂൾ നിലവിൽ വന്നു . 1947 ൽ മദ്രസത്തുൽ മനാർ ഒരു സെക്കണ്ടറി സ്കൂൾ ആയി ഉയർന്നതോടെ പ്രൈമറി വിഭാഗം മദ്രസത്തുൽ മനാർ ആയി നിലനിർത്തുകയും സെക്കണ്ടറി വിഭാഗത്തെ അൽമനാർ മുസ്ലിം സെക്കണ്ടറി സ്കൂൾ എന്നാക്കി മാറ്റുകയും ചെയ്തു. പിന്നീട് സ്ഥാപനത്തിന് വേണ്ടി നിസ്തുലമായ സേവനം അനുഷ്ഠിച്ച കർമ്മയോഗിയായ ഹാജി.പി.ബി. ഉമ്പിച്ചി അവർകളുടെ പാവന സ്മരണ നിലനിർത്താൻ അൽമനാർ മുസ്ലിം സെക്കണ്ടറി സ്കൂൾ ഉമ്പിച്ചി ഹൈസ്കൂൾ ആയും പിന്നീട് അത് ഉമ്പിച്ചി ഹാജി ഹൈസ്കൂൾ എന്നാക്കി മാറ്റികയും ചെയ്തു. 1947 ൽ അൽമനാർ മുസ്ലിം സെക്കണ്ടറി സ്കൂളിന്റെ ആദ്യ ഹെഡ്മാസ്റ്റർ ശ്രീ.കെ.ആർ.പരമേശ്വരയ്യർ ആയിരുന്നു. 2000 ൽ വിദ്യാലയത്തിലെ ഹയർ സെക്കണ്ടറി വിഭാഗം പ്രവർത്തനമാരംഭിച്ചു.

തങ്ങളുടെ വിദ്യാർത്ഥികൾക്ക് സാധ്യമായ ഏറ്റവും മികച്ച വിദ്യാഭ്യാസം നൽകാൻ പ്രതിജ്ഞാബദ്ധരായ ഉയർന്ന യോഗ്യതയുള്ള പരിചയസമ്പന്നരായ അധ്യാപകരുടെ ഒരു ടീം സ്കൂളിലുണ്ട്. ഫാക്കൽറ്റി അംഗങ്ങൾ അവരുടെ ജോലി കൃത്യമായി നിർവഹിച്ചു വരുന്നു. കൂടാതെ ഓരോ വിദ്യാർത്ഥിക്കും വ്യക്തിഗത ശ്രദ്ധയും പിന്തുണയും ലഭിക്കുന്നുണ്ടെന്ന് ഉറപ്പാക്കുകയും ചെയ്യുന്നു. സുസജ്ജമായ ക്ലാസ് മുറികൾ, ലൈബ്രറി, സയൻസ്, കമ്പ്യൂട്ടർ ലാബുകൾ, കായിക സൗകര്യങ്ങൾ തുടങ്ങി മികച്ച സൗകര്യങ്ങളും സ്കൂളിലുണ്ട്.

ഉമ്പിച്ചി ഹാജി ഹയർസെക്കണ്ടറി സ്കൂളിലും അനുബന്ധ സ്ഥാപനങ്ങളിലും ആയി നാലായിരത്തോളം വിദ്യാർത്ഥികളും ഇരുന്നൂറോളം അധ്യാപക -അനധ്യാപക ജീവനക്കാരും ഉൾപ്പെട്ട ഒരു മികച്ച വിദ്യാലയമായി സ്ഥാപനം നിലകൊള്ളുന്നു.

1991ൽ സ്ഥാപിച്ച എം എ ഖാദർ ഹാജി ബ്ലോക്ക്, 1998 ൽ സ്ഥാപിച്ച ഗോൾഡൻ ജൂബിലി ബ്ലോക്ക് 2001ൽ സ്ഥാപിച്ച ഹയർ സെക്കണ്ടറി ബിൽഡിംഗ്, 2013ൽ സ്ഥാപിച്ച ഉമ്പിച്ചി ഹാജി ബ്ലോക്ക്, 2024 ൽ സ്ഥാപിച്ച പ്ലാറ്റിനം ജൂബിലി ബിൽഡിംഗ് തുടങ്ങിയ പുതിയ കെട്ടിടങ്ങൾ സ്കൂളിന് കൂടുതൽ വിശാലതയും തലയെടുപ്പും സമ്മാനിക്കുന്നു.

## <u>പാഠ്യേതര പ്രവർത്തനങ്ങൾ</u>

- എൻ.സി.സി.
- എസ്. പി. സി
- ലിറ്റിൽ കൈറ്റ്സ്
- ജെ.ആർ.സി
- ബാന്റ് ട്രൂപ്പ്.
- ക്ലാസ് മാഗസിൻ.
- വിദ്യാരംഗം കലാ സാഹിത്യ വേദി.
- സ്കൗട്ട് & ഗൈഡ്സ്
- ക്ലബ്ബ് പ്രവർത്തനങ്ങൾ.

ഹൈസ്കൂൾ വിഭാഗം

## മലയാളം

സ്കൂളിൽ മലയാളം വിഭാഗത്തിൽ 4 അധ്യാപികമാർ ഉണ്ട്. പത്താം ക്ലാസ് 10 എണ്ണം, ഒമ്പതാം ക്ലാസ് 11 എണ്ണം, എട്ടാം ക്ലാസ് 15 എണ്ണവുമാണ് ക്ലാസുകൾ ഉള്ളത്. അതിൽ നാല് അധ്യാപികമാരും 8, 9, 10 ക്ലാസുകൾ കൈകാര്യം ചെയ്യുന്നു. ജൂൺ മാസത്തിൽ പ്രീ ടെസ്റ്റ് നടത്തി കുട്ടികളുടെ പഠനനിലവാരം കണ്ടെത്തി അക്ഷരങ്ങളും ചിഹ്നങ്ങളും പ്രയാസമുള്ള കുട്ടികളും ഇതിൽ ഉൾപ്പെടുന്നുണ്ട്. അവർക്ക് വേണ്ട നിരന്തര പഠന പിന്തുണയും അധ്യാപികമാർ നൽകിവരുന്നു. വർഷാവസാനം ആകുമ്പോഴേക്കും കുട്ടികൾ എഴുത്തിനും വായനക്കമുള്ള പ്രാവിണ്യം നേടുന്നതാണ്.

**പ്രവർത്തനം 1 : ഭാഷാശേഷി വികസനം**

| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും മലയാള അനാവശ്യമായി എഴുതാനും വായിക്കാനുള്ള ശേഷി വികസനം ഭാഷാപരമായ പിന്നോക്ക അവസ്ഥ പരിഹരിക്കൽ. | • അക്ഷരമുറപ്പിക്കൽ<br>• ചിഹ്നം ഉറപ്പിക്കൽ<br>• പദനിർമാണം<br>• വാക്യനിർമാണം<br>• ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ് | രണ്ടുമാസം<br>ഒരു വർഷക്കാലം | മലയാളം ടീച്ചർ എസ് ആർ ജി | പിടിഎ |
| എല്ലാ കുട്ടികളെയും സ്വതന്ത്ര വായനക്കാരാക്കുക | • ക്ലാസ് വായന കൂട്ടം രൂപീകരിക്കൽ<br>• ക്ലാസ് ലൈബ്രറി നവീകരണം<br>• സ്കൂൾ ലൈബ്രറി നവീകരണം<br>• റീഡിങ് റൂം പ്രത്യേക സൗകര്യം ഒരുക്കൽ<br>• പത്രവായന<br>• ജന്മദിന പുസ്തകം<br>• വായനോത്സവം<br>• വായനക്ക് ഒരു വാർഷിക പദ്ധതി | ആറു മാസം ഒരു വർഷം<br>ആറു മാസം ഒരു വർഷം | വിദ്യാരംഗം ചാർജ് മലയാളം ടീച്ചർ<br>മലയാളം അധ്യാപകർ SRG | പിടിഎ മാനേജ്മെന്റ്<br>പിടി |

| | | | | |
|---|---|---|---|---|
| | | | | എ |
| പത്രവായന പരിപോഷിപ്പിക്കുക | • പത്രവായന പരമാവധി പത്രങ്ങൾ സ്പോൺസർഷിപ്പിലൂടെ ലഭ്യമാക്കൽ.<br>• ഓരോ ക്ലാസിനും ഓരോ പത്രം.<br>• പ്രധാന പത്രങ്ങളുടെ അവതരണം – രാവിലെ<br>• പത്ര ക്വിസ് | മൂന്ന് മാസം<br>ദിവസേന<br>ആഴ്ചയിൽ ഒരു ദിവസം | വിദ്യാരംഗം ഇൻ ചാർജ്<br>മലയാളം അധ്യാപകർ | പിടിഎ മാനേജ്മെന്റ് |
| സർഗ്ഗ ശേഷി വികസനം | • വായനാനുഭവം പങ്കുവെക്കൽ<br>• സാഹിത്യ ക്വിസ് - രചന ശില്പശാല (കവിത<br>• കഥ)<br>• കവിതാലാപന മത്സരം<br>• ക്ലാസ് തല സ്കൂൾ തല പത്രം പ്രസിദ്ധീകരിക്കൽ.<br>• പുസ്തക ചർച്ച, പുസ്തകാസ്വാദനം- ഇ - വായന<br>• സാഹിത്യകാരനുമായി സംവദിക്കൽ<br>• അമ്മമാർക്കൊരു പുസ്തകം | വർഷത്തിൽ 1 തവണ<br>മാസത്തിൽ ഒരു തവണ<br>ആറുമാസത്തിൽ ഒരു തവണ<br>മാസത്തിൽ ഒരു തവണ<br>വർഷത്തിൽ ഒരുതവണ<br>ആഴ്ചയിൽ ഒരിക്കൽ | വിദ്യാരംഗം SRG<br>വിദ്യാരംഗം SRG<br>വിദ്യാരംഗം | PTA സ്പോൺസർഷിപ്പ്<br>PTA |
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രധാന ദിനാചരണങ്ങൾ പഠന പ്രവർത്തനമായി സംഘടിപ്പിക്കൽ | ജൂൺ - മാർച്ച് | SRG | PTA മാനേജ്മെന്റ് |

| | | | | |
|---|---|---|---|---|
| കുട്ടിയെ മികച്ച എഴുത്തുകാരൻ ആക്കുക.<br><br>സ്കൂൾ ലൈബ്രറി ശാക്തീകരണം | എഴുത്തിനു മുൻഗണന നൽകിയുള്ള സാഹിത്യമത്സരങ്ങൾ നടത്തുക രചന ശില്പശാല കഥാ ക്യാമ്പ് കവിത ക്യാമ്പ്<br><br>ക്ലാസ് ലൈബ്രറി രൂപീകരണം സ്കൂൾ ലൈബ്രറി നവീകരണവും വിപുലപ്പെടുത്തലും | ഒരു വർഷം | ഭാഷ അധ്യാപകർ ലൈബ്രറിയൻ വിദ്യാരംഗം<br><br>ഭാഷാ അധ്യാപകർ ലൈബ്രേറിയൻ | PTA മാനേജ്മെന്റ് ടീച്ചേഴ്സ്<br><br>SRG SMC, PTA, MANAGMENT |

# ENGLISH

Developing a comprehensive academic master plan for high school English involves organizing key components such as curriculum, assessment, teaching methods, and resources. Here's a structured plan:

1. Curriculum Design:
a. Core Literature: Select a diverse range of classic and contemporary texts, including fiction, non-fiction, poetry, and drama.

b. Writing Skills: Develop a progressive curriculum covering essay writing, creative writing, research papers, and technical writing.

c. Grammar and Language Mechanics: Integrate grammar lessons to enhance language proficiency and writing skills.

d. Critical Analysis: Incorporate strategies for students to critically analyze and interpret texts.

2. Assessment Strategies:
a. Formative Assessments: Use quizzes, discussions, and small assignments to gauge ongoing understanding.

b. Summative Assessments: Implement exams, essays, and projects to evaluate overall comprehension and application.

c. Peer Review: Foster collaboration and critical feedback through peer review activities.

3. Teaching Methods:
a. Interactive Discussions: Encourage student participation in discussions to enhance comprehension and critical thinking.

b. Technology Integration: Utilize multimedia resources, online platforms, and educational apps for a modern approach.

c. Differentiated Instruction: Cater to diverse learning styles by incorporating various teaching methods.

d. Literary Analysis Workshops: Conduct sessions focusing on in-depth analysis of literary elements.

4. Skill Development:
a. Communication Skills: Emphasize effective communication through verbal presentations and written assignments.

b. Research Skills: Integrate research projects to enhance students' ability to gather, analyze, and synthesize information.

Academic Master Plan: High School English (2025 June - 2026March) - Inclusive for Weak Learners
June - August 2025:
Week 1-2 (June 1-14):

Introduction to the Year's Theme and Reading List.
Diagnostic Assessments: Identify Weak Learners.
Summer Reading Assignment Distribution.
Week 3-6 (June 15 - July 12):

Literary Analysis Workshop: Basics of Literary Elements.
Basic Grammar Review.
Individualized Learning Plans for Weak Learners.
Week 7-9 (July 13 - August 2):

Peer Support Session: Summer Reading Reflections.
Creative Writing Bootcamp: Simplified Exercises.
Technology Integration Session: Introduction to Online Resources with Extra Support.
September - November 2025:
Week 1-2 (September 1-14):

Core Literature Unit 1: Classic Novels (Adapted Material for Weak Learners).
Small Group Book Discussions for Extra Support.
Week 3-6 (September 15 - October 12):

Writing Skills Module: Basic Essay Writing Techniques.
Technology Integration: Virtual Author Chat Session with Additional Clarifications.
Midterm Progress Reports: Specialized Plans for Weak Learners.
Week 7-9 (October 13 - November 2):

Creative Writing Project: Short Story Composition (Adapted Tasks for Weak Learners).
Literary Analysis: Focus on Simplified Themes and Elements.
December 2023- February 2026:
Week 1-2 (December 1-14):

Core Literature Unit 2: Contemporary Fiction (Modified Material for Weak Learners).
Formative Assessment: Literary Analysis Essays with Extra Guidance.
Week 3-6 (December 15 - January 11):

Research Skills Module: Introduction to Research Papers with Additional Support.
Technology Integration: Online Research Tools with Assistance.
Year-End Review and Goal Setting: Personalized Plans for Weak Learners.
Week 7-9 (January 12 - February 1):

Poetry Unit: Exploration of Various Poetic Forms with Simplified Content.
Writing Workshop: Peer Review of Research Paper Outlines with Guidance for Weak Learners.
March 2026: Spring Term

c. Editing and Revision: Teach the importance of editing and revising written work for clarity and coherence.

5. Literary and Cultural Exploration:
a. Diverse Authors and Perspectives: Include literature from diverse cultures and authors to broaden students' perspectives.

b. Literary History: Explore different periods and movements in literature to provide historical context.

c. Literary Events and Activities: Attend or organize literary events, book clubs, and writing workshops to foster a passion for literature.

6. Professional Development:
a. Teacher Training: Provide ongoing professional development opportunities for English teachers to stay updated on pedagogical approaches and content.

b. Collaboration: Encourage collaboration among English teachers to share best practices and resources.

7. Resources and Materials:
a. Library Access: Ensure a well-equipped library with a variety of books, journals, and digital resources.

b. Digital Platforms: Invest in online platforms for e-books, research databases, and interactive learning materials.

c. Guest Speakers: Invite authors, literary scholars, or professionals to share insights and experiences.

8. Feedback Mechanism:
a. Student Feedback: Collect regular feedback from students to understand their learning experience and make necessary adjustments.

b. Assessment Review: Analyze assessment results to identify areas of improvement in the curriculum and teaching methods.

9. Parental Involvement:
a. Communication Channels: Establish open communication with parents through regular updates and parent-teacher meetings.

b. Literacy Workshops: Organize workshops to help parents support their child's literacy development at home.

10. Adaptation and Flexibility:
a. Continuous Evaluation: Regularly assess the effectiveness of the master plan and be willing to adapt based on student needs and emerging educational trends.

Week 1-2 (March 1-14):

Core Literature Unit 3: Drama and Playwriting (Adjusted Material for Weak Learners).
Formative Assessment: Scene Analysis with Additional Support.
Week 3-6 (March 15-28):

Final Exam Preparation: Comprehensive Review Sessions with Extra Assistance.
Culminating Project: Student-Generated Literary Magazine with Adapted Tasks.
Parent-Teacher Conferences and End-of-Year Reflections: Specialized Plans for Weak Learners.
Week 7 March

Final Exams with Extended Time for Weak Learners.
Submission of Culminating Projects with Accommodations.
Recognition of Progress and Achievements.
Additional Considerations:
Continuous Monitoring and Adaptation:

Regularly assess the progress of weak learners and adjust interventions as needed.
Peer Support Systems:

Establish peer support groups to encourage collaboration and assistance among students.
Professional Development for Teachers:

Training sessions on differentiated instruction and strategies for supporting weak learners.
Remember to involve the learning support or special education department in tailoring interventions for weak learners and ensuring a supportive environment for their academic growth.

# ഹിന്ദി

സ്കൂളിൽ ഹൈസ്കൂൾ വിഭാഗം ഹിന്ദി അധ്യാപകരായി 5 അധ്യാപകർ ഉണ്ട്. എട്ടാം ക്ലാസിൽ 15 ഡിവിഷനുകളും ഒമ്പതാം ക്ലാസിൽ 11 ഡിവിഷനുകളും പത്താം ക്ലാസിൽ 10 ഡിവിഷനുകളും ഉണ്ട്.

**<u>പൊതുവായ ലക്ഷ്യങ്ങൾ</u>**

- സ്കൂളിൽ എത്തിച്ചേർന്ന എല്ലാ കുട്ടികൾക്കും ഹിന്ദി ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കുവാനുള്ള കഴിവ് വളർത്തിയെടുക്കുക.
- ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ എല്ലാ കുട്ടികളും നേടി എന്ന് ഉറപ്പാക്കുക.
- ഹിന്ദി ഭാഷാ പഠനം ലളിതവും രസകരവും ആകർഷകവും മാറ്റി മാറ്റുവാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യുക.
- ഹിന്ദി ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് ഭാഷാ സ്നേഹവും ദേശസ്നേഹവും വളർത്തിയെടുക്കും.

- ഭിന്നശേഷി കുട്ടികൾക്ക് അനുയോജ്യമായ പഠന പവർത്തനങ്ങൾ നൽകി മികവ് നേടാൻ പ്രാപ്തരാക്കുന്നു.

| എട്ടാം ക്ലാസ് | | |
|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** |
| • അക്ഷരങ്ങൾ ചിഹ്നങ്ങൾ തുടങ്ങിയവ പരിശീലിപ്പിക്കുന്നു ഉച്ചാരണം പരിചയപ്പെടുത്തുന്നു.<br>• അക്ഷരങ്ങൾ ഏതുവാനും വായിക്കുവാനും കണ്ടെത്തുവാനും പഠിപ്പിക്കുന്നു. | • അക്ഷരമാല അടങ്ങിയ കാർഡ് നൽകുന്നു അക്ഷരങ്ങൾ ഉറക്കെ വായിപ്പിക്കുന്നു.<br>• ഓഡിയോ വിഷ്വൽസിന്റെ സഹായത്തോടെ ഉച്ചാരണം കൂടുതലായി പരിചയപ്പെടുത്തുന്നു. | ഹ്രസ്വം<br>ജൂൺ ജൂലൈ |
| • ആഴ്ചയുടെ പേരുകൾ എണ്ണങ്ങൾ എന്നിവ പരിചയപ്പെടുത്തുന്നു. | • ക്ലാസിലെ ഓരോ വിദ്യാർത്ഥിയുടെയും ജനനത്തീയതി ഇന്ത്യയിൽ എഴുതുവാൻ പറയുന്നു. വർക്ക് സീറ്റുകൾ നൽകുന്നു ഹിന്ദി കലണ്ടർ തയ്യാറാക്കുന്നു. | ആഗസ്റ്റ് സെപ്റ്റംബർ മധ്യകാലം |
| • ഹിന്ദി അനായാസം എഴുതുവാനും വായിക്കുവാനും പരിശീലിപ്പിക്കുന്നു.<br>• വായന പരിശീലനത്തിന് അധിക പ്രാധാന്യം നൽകുന്നു.<br>• കാർട്ടൂൺ ചിത്രകഥ എന്നിവ വായിച്ച് ആശയം അവതരിപ്പിക്കുവാൻ കഴിയുന്നു. | • കേട്ടെഴുത്ത് പദസൂര്യൻ പ്രശ്നോത്തരി എന്നിവ നൽകുന്നു.<br>• ചിത്രകഥ കാർട്ടൂൺ ചെറുകവിതകൾ തുടങ്ങിയവ വായിക്കാനായി നൽകുന്നു | ഡിസംബർ ജനുവരി |

| ഒമ്പതാം തരം | | |
|---|---|---|
| **ലക്ഷ്യങ്ങൾ** | **പ്രവർത്തനങ്ങൾ** | **കാലം** |

| | | |
|---|---|---|
| • ഹിന്ദി വായിക്കുവാനും എഴുതുവാനും പിന്നോക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി കൂടുതൽ പരിശീലനം നൽകുന്നു . | • വർക്ക് ഷീറ്റുകൾ നൽകുന്നു.<br>• ചിത്രങ്ങൾ അടങ്ങിയ പുസ്തകങ്ങൾ വായിക്കുവാൻ നൽകുന്നു. | ഹ്രസ്വം<br>ജൂൺ<br>ജൂലൈ |
| • നാമം സർവ്വനാമം വിശേഷം എന്നിവ മനസ്സിലാക്കുന്നു.<br>• വാക്യ ഘടന പരിചയപ്പെടുത്തുന്നു.<br>• ചെറിയ മുദ്രാവാക്യങ്ങൾ എഴുതുവാൻ അറിയുന്നു. | • ചാർട്ടുകൾ നൽകുന്നു.അതിൽ നിന്നും സർവ്വനാമം നാമം വിശേഷണം എന്നിവ കണ്ടെത്തുവാൻ പറയുന്നു.<br>• കവിത കഥ പൂരിപ്പിക്കുവാൻ നൽകുന്നു.<br>• സൂചന ബോർഡുകൾ എഴുതി ക്ലാസിൽ പ്രദർശിപ്പിക്കാൻ പറയുന്നു | ആഗസ്റ്റ്<br>സെപ്റ്റംബർ |
| • പോസ്റ്റർ തയ്യാറാക്കുവാൻ അറിയുന്നു.<br>• കവിത വായിച്ച് ആസ്വാദനക്കുറിപ്പ് തയ്യാറാക്കാൻ അറിയുന്നു. | • പോസ്റ്ററിന്റെ മോഡൽ നൽകുന്നു.<br>• വിവിധ വിഷയങ്ങൾ നൽകുന്നു.<br>• ക്ലാസിൽ പ്രദർശിപ്പിച്ചു മൂല്യനിർണയം നടത്തുന്നു.<br>• ചെറിയ കവിതകൾ നൽകിക്കൊണ്ട് ആസ്വാദനക്കുറിപ്പ് ക്ലാസിൽ അവതരിപ്പിക്കുവാൻ പറയുന്നു. | ദീർഘം<br>നവംബർ<br>ഡിസംബർ |

**പത്താംതരം**

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം |
|---|---|---|
| • കുട്ടികളുടെ ഭാഷ മെച്ചപ്പെടുത്തുക വായന മെച്ചപ്പെടുത്തുക എന്നീ ലക്ഷ്യങ്ങളോടെ ഭാഷാവസ്തുക്കളുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു. | • നാടകം ക്ലാസിൽ അവതരിപ്പിക്കുന്നു<br>• സ്ക്രിപ്റ്റ് തയ്യാറാക്കുവാൻ പറയുന്നു.<br>• സന്ദർഭോചിതമായി സംഭാഷണം തയ്യാറാക്കുവാൻ പറയുന്നു | ഹ്രസ്വം<br>ജൂൺ ജൂലൈ |

| | | |
|---|---|---|
| | | |
| • സാഹിത്യാഭിരുചി വളർത്തുക, ഹിന്ദി വാരാഘോഷ സമയത്ത് ഹിന്ദി കലോത്സവം മികച്ച രീതിയിൽ നടത്തുന്നു.<br>• കുട്ടിയുടെ മികച്ച പങ്കാളിത്തം ഉറപ്പുവരുത്തുന്നു. | • പദ്യം ചൊല്ലൽ, കഥാ,കവിത, പോസ്റ്റർ നിർമ്മാണം എന്നിവ സംഘടിപ്പിക്കുന്നു. | മധ്യം<br>ഓഗസ്റ്റ്<br>സെപ്റ്റംബർ<br>ഒക്ടോബർ |
| • ആശയങ്ങൾ വിവിധതരത്തിൽ ആവിഷ്കരിക്കുന്നു.<br>• കഥയെ തിരക്കഥയായി മാറ്റുവാൻ അറിയുന്നു.<br>• സ്വഭാവ സവിശേഷതകളിൽ മേൽ കുറിപ്പ് തയ്യാറാക്കുവാൻ അറിയുന്നു.<br>• ഡയറി എഴുതുവാൻ അറിയുന്നു. | • പാഠഭാഗത്തിലെ സന്ദർഭങ്ങൾ നൽകുന്നു.<br>• കഥാപാത്രങ്ങളെ ആസ്പദമാക്കി ചരിത്രക്കുറിപ്പ് തയ്യാറാക്കുവാൻ പറയുന്നു.<br>• എല്ലാദിവസവും ഡയറി എഴുതുവാനുള്ള നിർദ്ദേശം നൽകുന്നു. | ദീർഘം<br>നവംബർ ജനുവരി |

## ഗണിതം

ഹൈസ്കൂൾ വിഭാഗത്തിൽ 9 ഗണിത അധ്യാപകർ ഉണ്ട്. പത്താം ക്ലാസിൽ ആഴ്ചയിൽ 6 പിരിയഡുകളും 8, 9 ക്ലാസുകളിൽ 5 പിരീഡുകൾ വീതവുമാണ് ഉള്ളത്. സമഗ്ര ഗുണമേന്മ പദ്ധതിയുടെ തുടർച്ചയായി എല്ലാ ക്ലാസുകളിലും പിന്നോക്കകാർക്ക് പഠന പിന്തുണ നൽകുന്നു.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| 1. ആശയധാരണ കൈവരിക്കൽ. | പ്രീ ടെസ്റ്റ് നടത്തി ലിസ്റ്റ് തയ്യാറാക്കൽ, ഗണിത ക്ലിനിക്ക്. | ജൂൺ ആദ്യവാരം | അധ്യാപകർ, മുന്നോക്കക്കാരായ കുട്ടികൾ | |
| 2.നിർമ്മിതികളിലെ ശേഷി കൈവരിക്കൽ | ജാമിതി പെട്ടിയുടെ ലഭ്യത ശില്പശാല. | തുടർ പ്രവർത്തനം | അധ്യാപകൻ | ടീച്ചേഴ്സ് ഗ്രാൻഡ് |
| 3. ഗണിതത്തെ നിത്യജീവിതവുമായി ബന്ധിപ്പിച്ച് ആശയങ്ങളുടെ പ്രാധാന്യം ബോധ്യപ്പെടൽ | സെമിനാർ | സെപ്റ്റംബർ | അധ്യാപകർ | |
| 4. ഗണിത പുസ്തകങ്ങൾ പരിചയപ്പെടുത്തൽ ഗണിതാഭിരുചി വർദ്ധിപ്പിക്കാൻ | ഗണിത ക്ലബ്ബിലെ പുസ്തകങ്ങളുടെ വിതരണം | തുടർ പ്രവർത്തനം | ക്ലബ്ബ് കൺവീനർ | |
| 5. ഗണിത മത്സരവേദിയിലേക്ക് മേളകളിൽ കുട്ടികളെ സജ്ജരാക്കൽ | മത്സരങ്ങൾക്ക് പ്രാപ്തരാക്കൽ | മാസത്തിലൊന്ന് ഒക്ടോബർ വരെ | ക്ലബ്ബ് സെക്രട്ടറി അധ്യാപകർ | |
| 6. ഐസിടി യിലൂടെ ഗണിത പഠനം എളുപ്പമാക്കൽ | ഗണിതത്തിലെ ഐസിടി സാധ്യതകൾ പ്രയോജനപ്പെടുത്തിയുള്ള പഠനം. ത്രീഡി ഗണിത രൂപങ്ങളുടെ നിർമിതി. | യഥാസമയങ്ങളിൽ | അധ്യാപകർ | |
| സംഘബോധം ഉണ്ടാക്കൽ | സംഘ പഠനം | തുടർ പ്രവർത്തനം | അധ്യാപകർ. | |

# സാമൂഹ്യ ശാസ്ത്രം

| | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ /സാമ്പത്തികം |
|---|---|---|---|---|---|
| 1 | സാമൂഹിക ജീവി എന്ന നിലയിൽ സാമൂഹിക പ്രവർത്തനങ്ങൾ സ്വയം ഏറ്റെടുത്ത് നടത്തുന്നതിനെ കുട്ടിയെ പ്രാപ്തനാക്കുക | • ലഹരി വിരുദ്ധ പ്രവർത്തനങ്ങൾ<br>• ബാലവേല ചൂഷണം പോലെയുള്ള സാമൂഹ്യ പ്രശ്നങ്ങളിൽ ഇടപെടാനുള്ള പ്രവർത്തനങ്ങൾ<br>• പ്രതിഷേധ റാലി ഗ്രഹ സന്ദർശനം സഹായശേഖരണം സെമിനാർ മുതലായവ<br>• പ്രശ്നബാധിതരുമായി അഭിമുഖം വിദഗ്ധരുമായള്ള പാരസ്പര്യം | ദീർഘകാലം | അധ്യാപകർ, രക്ഷിതാക്കൾ | എസ്. എം.സി. പിടിഎ, പൂർവവിദ്യാർത്ഥികൾ,ഗ്രാമ പഞ്ചായത്ത് |
| 2 | ജനാധിപത്യ മൂല്യങ്ങൾ തിരിച്ചറിഞ്ഞ പ്രവർത്തിക്കാൻ കുട്ടിയെ സജ്ജമാക്കുക | • SS ക്ലബ്ബ് പ്രവർത്തനങ്ങൾ<br>• ക്ലാസ് തല, സ്കൂൾ തല തിരഞ്ഞെടുപ്പ്<br>• സവിശേഷ വിഷയങ്ങളിൽ ആശയ സംവാദങ്ങൾ | യഥാസമയങ്ങളിൽ | അധ്യാപകർ, SRG ഡിബേറ്റ് ക്ലബ്ബ് | SMC,PA |
| 3 | വ്യക്തി സമൂഹത്തിന്റെ അടിസ്ഥാന യൂണിറ്റ് ആണെന്ന് തിരിച്ചറിയുകയും തദനുസരിച്ച് ഇടപെടലുകൾ നടത്തുന്നതിനും പ്രാപ്തനാക്കുക. | • മാലിന്യനിർമാർജത(സ്വച്ഛ് ഭാരത് ശുചീകരണ ) പ്രവർത്തനങ്ങൾ.<br>• പ്രാദേശിക സർവ്വേ<br>• പതിപ്പുകൾ ചുമർപത്രികകൾ | വർഷം മുഴുവനും | SS ക്ലബ്ബ് | SRG,SMC, PTA, NSS യൂണിറ്റ് |

| | | | | | |
|---|---|---|---|---|---|
| 4 | പ്രാദേശികതലം മുതൽ ജന ജീവിതത്തിന്റെ സമസ്തമേഖലകളിലേക്കും കടന്നുചെന്ന് വിശകലനം ചെയ്ത് വിലയിരുത്താനുള്ള കഴിവ് നേടൽ. | • പ്രാദേശിക ചരിത്രരചനയും ഭൂപട നിർമ്മാണവും<br>• മുനിസിപ്പൽ പഞ്ചായത്ത് ജില്ലാ ഭൂപടങ്ങൾ വിശകലനം ചെയ്യൽ<br>• ചരിത്ര സംഭവങ്ങളുടെ ടൈംലൈൻ തയ്യാറാക്കൽ | മാസം ഒന്ന് | അധ്യാപകർ, SRG, SS ക്ലബ്ബ് | SMC,PTA, പൂർവവിദ്യാർത്ഥികൾ, ചരിത്ര ഗവേഷകർ |
| 5 | ശാസ്ത്രസാങ്കേതിക രംഗത്തെ നൂതന സാധ്യതകൾ പ്രയോജനപ്പെടുത്താൻ പ്രാപ്തനാക്കുക. | • GIS/GPRS സൗകര്യങ്ങൾ ഉപയോഗിച്ച് കൃഷിയിടങ്ങൾ വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ വിവരണശേഖരണം നടത്തിയുള്ള താരതമ്യ പഠനം. | ഹസ്വ കാലം | അധ്യാപകർ, SS ക്ലബ്ബ് | SITC,JSIC |
| 6 | സാമൂഹ്യശാസ്ത്രത്തിന്റെ വിശാലമായ ഭൂമികയിലേക്ക് പ്രവേശിക്കുവാനും അറിവുകൾ ശേഖരിക്കാനും ആയി സ്കൂൾ സാമൂഹ്യശാസ്ത്ര കോർണർ | • അധിക വായനക്ക് ഉതകുന്ന പുസ്തകങ്ങൾ അറ്റ്ലസ് ഇയർ ബുക്ക് എന്നിവ ക്രമീകരിച്ച് സാമൂഹ്യശാസ്ത്ര കോർണർ ഒരുക്കൽ.<br>• ബുള്ളറ്റിൻ ബോർഡ് സ്ഥാപിച്ച് ദൈനംദിന വാർത്തകളുടെ പ്രദർശനം. | വർഷം മുഴുവൻ | അധ്യാപകർ, SS ക്ലബ്ബ് | SRG |
| 7 | ചരിത്രാവബോധം ഉണ്ടാക്കുന്നതിനും ചരിത്ര പഠനം രസകരമായി അനുഭവപ്പെടുത്തുന്നതുമായ ഒരു ചരിത്രം മ്യൂസിയം | • വിദ്യാലയത്തിലെ സൗകര്യപ്രദമായ മുറിയിൽ കുട്ടികൾ രക്ഷിതാക്കൾ തുടങ്ങിയവരിൽ നിന്നും ശേഖരിക്കുന്ന പുരാവസ്തുക്കളും മറ്റു പൈതൃക വസ്തുക്കളും സൂക്ഷിക്കാനുള്ള മ്യൂസിയം ഒരുക്കൽ. | ദീർഘ കാലം | അധ്യാപകർ, SS ക്ലബ്ബ് | PTA, പൂർവ്വ വിദ്യാർത്ഥികൾ, ഗവേഷകർ |

| | | | | | |
|---|---|---|---|---|---|
| 8 | സാമൂഹ്യശാസ്ത്ര പഠനം കൂടുതൽ ശാസ്ത്രീയമാക്കുന്നതിന് സാമൂഹ്യ ശാസ്ത്ര ലാബ് സജ്ജീകരിക്കൽ. | • വിദ്യാലയത്തിലെ സൗകര്യപ്രദമായ മുറിയിൽ സാമൂഹ്യശാസ്ത്രത്തിനുള്ള വിവിധ പഠനോപാധികൾ പ്രദർശിപ്പിക്കുന്ന ലാബ്. (ഗ്ലോബ്, ഭൂപടങ്ങൾ, പ്രവർത്തന മാതൃകകൾ തുടങ്ങിയവ) | 4 മാസം | അധ്യാപകർ, SS ക്ലബ്ബ് | SRG,SSK,PTA |
| 9 | ആനുകാലിക വിഷയങ്ങളിലേക്ക് വെളിച്ചം പകരാൻ ഡിബേറ്റ് ക്ലബ്ബ്. | • സമകാലിക പ്രസക്തമായ വിഷയങ്ങളിൽ ഊന്നി ആശയപരമായ സംവാദങ്ങൾ ചർച്ച പ്രഭാഷണം തുടങ്ങിയവ | മാസം 2 | ഡിബേറ്റ് ക്ലബ്ബ് | SRG, അധ്യാപകർ, സ്കൂളിലെ മറ്റു ക്ലബ്ബുകൾ |
| 10 | ഇന്ത്യയുടെ സാംസ്കാരികമായ വൈവിധ്യം തിരിച്ചറിയാനും ദേശീയബോധം ഉറപ്പിക്കാനും ദേശീയോദ്ഗ്രഥന ക്യാമ്പ്. | • വിവിധ സംസ്ഥാനക്കാരായ കുട്ടികളെ അവരവരുടെ പ്രാദേശികമായ വേഷമണിയിച്ച് സാംസ്കാരിക വിനിമയ പരിപാടികൾ അവതരിപ്പിക്കുക. | വർഷം 1 | അധ്യാപകർ, SRG | അധ്യാപകർ സ്കൂളിലെ മറ്റു ക്ലബ്ബുകൾ |
| 11 | പ്രത്യക്ഷാനുഭവങ്ങളിലൂടെ പാഠ്യ വസ്തുതകൾ ഗ്രഹിക്കലും ഉറപ്പിക്കലും. | • ചരിത്ര സാംസ്കാരിക പ്രാധാന്യമുള്ള സ്ഥലങ്ങളിലേക്ക് സന്ദർശനം<br>• ചരിത്രം രേഖപ്പെടുത്തിയ റഫറൻസിനായി സൂക്ഷിക്കൽ | വർഷം മൂന്നെണ്ണം | അധ്യാപകർ, SRG, SS ക്ലബ്ബ് | പിടിഎ, പൂർവ വിദ്യാർത്ഥികൾ, ഗവേഷകർ, ഗ്രാമപഞ്ചായത്ത് |

# ശാസ്ത്രം

ശാസ്ത്രം പ്രവർത്തനമാണ്. കൗതുകം ജിജ്ഞാസ, നിരീക്ഷണ പാടവം എന്നിവ പരിപോഷിപ്പിച്ചു കൊണ്ടാണ് ശാസ്ത്രം മുന്നോട്ടുപോകുന്നത്. ഭാവന ഉണർത്താനും പ്രപഞ്ച വൈവിധ്യങ്ങളെ കുറിച്ച് അറിയുവാനും ശാസ്ത്രവീക്ഷണം ജീവിതത്തിൽ വളർത്തിയെടുക്കുവാനും ശാസ്ത്ര പഠനം അവസരം ഒരുക്കുന്നു.

സ്കൂൾ പഠനകാലത്ത് തന്നെ കുട്ടികൾക്ക് ഏതൊരു കാര്യവും തെളിവിന്റെ അടിസ്ഥാനത്തിൽ വിലയിരുത്തുന്ന മനോഭാവം ഉണ്ടാക്കണം. പരീക്ഷണ നിരീക്ഷണങ്ങളിലൂടെ കാര്യങ്ങൾ മനസ്സിലാക്കാൻ സയൻസ് ലാബ് ആവശ്യമാണ്. ശാസ്ത്ര പഠനത്തിൽ സാങ്കേതികവിദ്യ ഒരു പങ്ക് വയ്ക്കാൻ ഉണ്ട്. നിരീക്ഷണ വിധേയമല്ലാത്ത പലതും കാണിക്കാനും പല മേഖലകളിലും അധിക വിവരങ്ങൾ ലഭ്യമാക്കാനും ഡിജിറ്റൽ മേഖലയിലൂടെ സാധിക്കും. അതിനാൽ വെർച്ച്വൽ ലാബിന്റെ സങ്കേതം പഠനത്തിൽ വഹിക്കുന്ന പങ്ക് ചെറുതല്ല.

നൂതന ശാസ്ത്ര സാങ്കേതികവിദ്യ ഉൾക്കൊള്ളുന്ന Atal Tinkering Labs(ATL) ന്റെ പ്രാധാന്യം ശാസ്ത്ര പഠനത്തിന് അനിവാര്യമാണ്.

| ലക്ഷ്യം | പ്രവർത്തനം | സമയം | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ശാസ്ത്രബോധം വളർത്തൽ | • ശാസ്ത്ര കോർണർ<br>• ശാസ്ത്ര വാർത്തകൾ അവതരണം<br>• സയൻസിൽ ലാബിലേക്ക് പ്രൊജക്ടർ<br>• ലാബ് ആകർഷണീയമാക്കാൻ ശാസ്ത്രജ്ഞരുടെ ചിത്രങ്ങൾ | 1 വർഷം | ശാസ്ത്ര ലൈബ്രറി, ശാസ്ത്ര പുസ്തകങ്ങൾ, ദിനപത്രങ്ങൾ, സയൻസ് ലാബ് | |
| | • <u>ചാന്ദ്രദിന പരിപാടികൾ</u><br>• ക്വിസ്<br>• പോസ്റ്റർ രചന<br>• കൊളാഷ് നിർമ്മാണം<br>• മാഗസിൻ<br>• എക്സ്പോ 2025 | ജൂൺ ജൂലായ് | സയൻസ് ലാബ്, പിടിഎ | |
| ശാസ്ത്രബോധം വളർത്തൽ | • <u>സ്കൂൾ ശാസ്ത്രമേള</u><br>• ശാസ്ത്ര പ്രദർശനം<br>• വർക്കിംഗ് മോഡൽ<br>• സ്റ്റിൽ മോഡൽ<br>• പ്രൊജക്റ്റ്<br>• സെമിനാർ | ആഗസ്റ്റ് സെപ്റ്റംബർ | സയൻസ് ലാബ് | പിടിഎ |
| | • <u>സബ്ജില്ലാ ശാസ്ത്രമേള</u><br>• ഒരുക്കം പങ്കാളിത്തം<br>• ഫീൽഡ് ട്രിപ്പ് | ഒക്ടോബർ ജനുവരി | സയൻസ് ലാബ് | പിടിഎ, പൂർവ്വ വിദ്യാർത്ഥികൾ |

# പ്രവർത്തി പരിചയം

## ആമുഖം

പ്രവർത്തി ഉദ്ഗ്രഥത പഠനം വിദ്യാർത്ഥികളിൽ തൊഴിൽ പരിചയം വളർത്തുന്നതിനുള്ള ഒരു പ്രയോഗികമായ പഠന രീതിയാണ്. വിവിധ തൊഴിലിടങ്ങളിൽ നേരിട്ട് അനുഭവം നേടുന്നതിനാൽ തൊഴിലിന്റെയും തൊഴിൽ ശീലങ്ങളുടെയും ഗൗരവം അവർക്ക് ബോധ്യപ്പെടുന്നു. ഭാവിയിൽ തൊഴിൽ ഏത് തെരഞ്ഞെടുക്കണമെന്ന് ഈ പഠനത്തിലൂടെ മനസ്സിലാക്കാൻ സാധിക്കുന്നു.

വിഷയം : പ്രവർത്തിത പഠനം
തലം : ഹൈസ്കൂൾ
കാലാവധി : ഒരു അക്കാദമിക വർഷം

## ലക്ഷ്യങ്ങൾ

- വിദ്യാർത്ഥികളിൽ തൊഴിൽ ശീലങ്ങൾ വളർത്തുക
- സാങ്കേതിക വിദ്യകളും തൊഴിൽ കൗശലങ്ങളും പഠിപ്പിക്കുക
- സാമൂഹിക ഉത്തരവാദിത്ത ബോധം വളർത്തുക
- വിവിധ തൊഴിൽ മേഖലകളെ പരിചയപ്പെടുത്തുക .

| മാസം | മേഖല | പ്രവർത്തനങ്ങൾ |
|---|---|---|
| ജൂൺ | കൃഷി | റോസ് കൃഷി, ഫ്ലവർ അറേഞ്ച് മെന്റ്, റോസ് വാട്ടർ നിർമ്മാണം |
| ജൂലൈ | പ്ലംബിങ്ങ് | തുള്ളി നന സംവിധാനം |
| ആഗസ്റ്റ് | മാധ്യമങ്ങളും വിനോദവും | • റിപ്പോർട്ട് തയ്യാറാക്കൽ<br>• ഓഡിയോ ഡോക്യുമെന്റേഷൻ<br>• വീഡിയോ ഡോക്യുമെന്റേഷൻ<br>• പ്ലാനിങ് റെക്കോർഡിങ്, എഡിറ്റിംഗ് |
| സെപ്റ്റംബർ | പ്രിന്റിംഗ് & സ്റ്റേഷനറി | Book Binding |
| ഒക്ടോബർ | പാഴ് വസ്തു പരിപാലനം | പൈതൃക മാലിന്യ പരിപാലനം |
| നവംബർ | വസ്ത്ര കല | വിവിധതരം തയ്യൽ മെഷീനുകളും തയ്യൽ മെഷീനുകളുടെ ഭാഗങ്ങളും |
| ഡിസംബർ | ടൂറിസം | ടൂറിസം സ്പോട്ടുകളിലേക്ക് യാത്ര പ്ലാൻ തയ്യാറാക്കൽ |

| | | |
|---|---|---|
| ജനുവരി | ഭക്ഷ്യ വ്യവസായം പാർപ്പിടം | • കേക്ക് നിർമ്മിക്കൽ<br>• പ്ലാൻ തയ്യാറാക്കൽ |
| ഫെബ്രുവരി | • കരകൗശലം<br>• ഇലക്ട്രിക് ആൻഡ് ഇലക്ട്രോണിക്സ് | • ഷൂ റാക്ക്<br>• ഇൻട്രൊഡക്ഷൻ ടു ഇലക്ട്രോണിക്സ് |

**Outcomes :**

- ✓ വിദ്യാർത്ഥികൾക്ക് തൊഴിൽ ശീലവും ആത്മവിശ്വാസവും കൈവരിക്കൽ
- ✓ സ്വയം തൊഴിൽ സാധ്യതകളിലേക്കുള്ള മനസ്സ് പാകപ്പെടുത്തൽ

## ➢ <u>സാമൂഹിക പ്രതിബദ്ധതയും പ്രശ്നപരിഹാര കഴിവുകളും</u>

| **ഉപ പ്രവർത്തനം** | **ചുമതല** | **കാലം** |
|---|---|---|
| വ്യത്യസ്ത തരത്തിലുള്ള ബുക്ക് ബൈൻഡിങ് രീതി പരിശീലിപ്പിക്കുന്നു | പ്രവർത്തി പഠനസമിതി | ജൂലൈ മുതൽ മാർച്ച് വരെ |
| വ്യത്യസ്ത തരത്തിലുള്ള ഭക്ഷ്യവസ്തുക്കൾ നിർമ്മിക്കാൻ പഠിപ്പിക്കുന്നു | | |
| വിവിധതരത്തിലുള്ള എംബ്രോയിഡറി ചെയ്യാൻ പഠിപ്പിക്കുന്നു | | |

- ❖ ഓരോ കുട്ടികളുടെയും കഴിവുകൾ മനസ്സിലാക്കി അവരെ പ്രവർത്തി പഠന മികവിന്റെ ഉന്നതിയിലേക്ക് എത്തിക്കുവാനും അവരിൽ തൊഴിൽ നൈപുണി വളർത്തുവാനും ഇത്രയും പ്രവർത്തനങ്ങളാണ് ഉദ്ദേശിക്കുന്നത്.

# സംസ്കൃതം

## പ്രതീക്ഷിത നേട്ടങ്ങൾ

1.പൗരബോധം,മാനവികത ,പരിസ്ഥിതി സംരക്ഷണം, മൂല്യബോധം, തുടങ്ങിയവ വളർത്താനുള്ള പ്രവർത്തനങ്ങളുടെ ആസൂത്രണം
2.അക്ഷര പഠനം
3.സംസ്കൃത സംഭാഷണപരിചയം
4.വാക്യരചനാ സാമർത്ഥ്യം
5.കവിതാലാപനം സുഭാഷിതാവതരണം
6.ഡിജിറ്റൽ മാഗസിൻ
7.സാങ്കേതികവിദ്യ ഉപയോഗിച്ച് ചിത്രീകരണം

| മേഖല | പദ്ധതിയുടെ പേര് | പ്രവർത്തനങ്ങൾ | കാലയളവ് | നിർവഹണം | സാമ്പത്തികം | റിമാർക്ക്സ് |
|---|---|---|---|---|---|---|
| കേൾവി വായന | ലേഖനം സംഭാഷണം | അക്ഷരപരിചായനം,സംഭാഷണപരിചയം, ഭിത്തിപത്രിക നിർമ്മാണം,പരിസ്ഥിതിദിനം, സംസ്കൃതസമിതി രൂപീകരണം | ജൂൺ 2- 15 ജൂൺ 20 | അധ്യാപകൻ, സംസ്കൃത സമിതി | വിദ്യാലയ വികസന സമിതി | |
| സംഘാടനം | പരിശീലനം | അക്ഷരശ്ലോകസമിതി ഉദ്ഘാടനം അക്ഷരശ്ലോകപഠനം,സംസ്കൃതോത്സവ ഇന പരിചായനം,യോഗാപരിശീലനം | ജൂലൈ ജൂലൈ | സംസ്കൃത സമിതി | വിദ്യാലയ വികസന സമിതി | |
| പ്രദർശനം | ലേഖനം സംഭാഷണം | യോഗാപ്രദർശനം,ആദികാവ്യാമൃതം, പ്രശ്നോ ത്തരം, സംസ്കൃതദിനാചരണം,രചനാശിൽപ്പശാല | ആഗസ്റ്റ് 9 | സംസ്കൃത സമിതി | വിദ്യാലയ വികസന സമിതി | |
| നിർമ്മാണം അവതരണം | കലാ പഠനം | നാടകശില്പശാല, ഡിജിറ്റൽ മാഗസിൻ പ്രവർത്തനം | സെപ്റ്റംബർ | സംസ്കൃത സമിതി | രക്ഷാകർതൃ സമിതി | |
| | | സംസ്കൃത കലോത്സവ മത്സരങ്ങൾ സേവന പ്രവർത്തനം പ്രഭാഷണ മത്സരം | ഒക്ടോബർ | സംസ്കൃത സമിതി സംസ്കൃത അക്കാദമിക് കൗൺസിൽ | വിദ്യാലയ വികസന സമിതി | |
| പരിശീലനം | | ധിഷണാ പരീക്ഷ (സ്കോളർഷിപ്പ് )പരിശീലനം ക്ലാസ് തലം സ്കൂൾ തലം | നവംബർ | സംസ്കൃത സമിതി | വിദ്യാലയ വികസന സമിതി | |
| | സംഭാഷണ ശിബിരം | സംസ്കൃത സംഗമ : (ശില്പശാല) | ഡിസംബർ 6 | സംസ്കൃത അക്കാദമിക് കൗൺസിൽ | വിദ്യാലയ വികസന സമിതി,അധ്യാപകൻ | |
| വിനോദം | | സംസ്കൃത പഠനയാത്ര | ജനുവരി 1-7 | സംസ്കൃത സമിതി | രക്ഷാകർതൃ സമിതി | |
| | | വാർഷിക പരീക്ഷ മോഡൽ പരീക്ഷ പുനസ്മരണം റിവിഷൻ | ഫെബ്രുവരി | അധ്യാപകൻ | | |
| | | വാർഷിക പരീക്ഷ | മാർച്ച് | അധ്യാപകൻ | | |

# ഉറുദു

**പൊതു ലക്ഷ്യങ്ങൾ**

- ഉർദു ഭാഷ പഠനം ആയാസവും രസകരവുമാക്കി ആസ്വാദന പഠനം കുട്ടികൾക്ക് സാധ്യമാക്കുക.
- ഉർദു ഭാഷ, സാഹിത്യം എന്നിവയുമായി ബന്ധപ്പെട്ട പൊതു വിജ്ഞാനം നേടുന്നതിനുള്ള സന്ദർഭം സൃഷ്ടിക്കുക.
- തൊഴിൽ അനുബന്ധ മത്സരപരീക്ഷകൾക്ക് ആവശ്യമായ തയ്യാറെടുപ്പുകൾ നടത്തുക.
- ഉർദു ഭാഷ പഠനവുമായി ബന്ധപ്പെട്ട് കരിക്കുലം വിഭാവനം ചെയ്യുന്ന പഠനനേട്ടങ്ങൾ എല്ലാ കുട്ടികളും ആർജിക്കുക.
- ഉർദു പഠിക്കുന്ന എല്ലാ കുട്ടികൾക്കും ഏഴാം ക്ലാസ് കഴിയുമ്പോഴേക്കും ഉർദു വായിക്കാനും കേട്ടെഴുതാനും അത്യാവശ്യം സാഹിത്യ രചനകൾ നടത്താനുമുള്ള ശേഷി ഉറപ്പാക്കുക.
- മുഴുവൻ കുട്ടികൾക്കും വിവിധ ജീവിത സന്ദർഭങ്ങളുമായി ബന്ധപ്പെട്ട് ഉർദു ഭാഷ സംസാരിക്കാൻ കഴിയും എന്ന് ഉറപ്പുവരുത്തുക.
- ഉർദു ഭാഷാ പഠനത്തിലൂടെ ജനാധിപത്യ മതേതരത്വ മൂല്യങ്ങൾ ഉയർത്തിപ്പിടിക്കുന്ന കുട്ടികളെ വാർത്തെടുക്കുക.
- വിവിധ കലാപരമായ കഴിവുകൾ അവതരിപ്പിക്കാനും ആസ്വദിക്കാനുമുള്ള കഴിവ് നേടുക.
- എല്ലാ കുട്ടികൾക്കും ഭംഗിയുള്ള കയ്യെഴുത്ത് സ്വായത്തമാക്കാനുള്ള പരിശീലനം നൽകുക.
- ഉന്നത പഠനത്തിന് പോകുന്ന കുട്ടികൾക്ക് ആവശ്യമായ ആക്കാദമിക നിലവാരം ഉണ്ടാക്കി എടുക്കുക.
- ഉർദു ഭാഷയെകുറിച്ച് സാമാന്യ അവബോധം വളർത്തിയെടുക്കുക.
- കുട്ടികളുടെ സർഗ്ഗാത്മക ശേഷികൾ വളർത്തുകയും, രചനാ ശേഷികൾക്ക് പ്രോത്സാഹനം നൽകുകയും ചെയ്യുക.
- വിവിധ ദിനാചരണങ്ങളിലൂടെ ഭാഷാപരമായ ശേഷികൾ വളർത്തുക.

| നമ്പർ | പ്രവർത്തനം | പ്രവർത്തന ഘട്ടം | കാലയളവ് | ചുമതല | ഫണ്ട് | വിലയിരുത്തൽ |
|---|---|---|---|---|---|---|
| 1 | **പഠേം ആഗെ ബഢേം** ഉർദു വായന | വായന മത്സരങ്ങൾ, ക്വിസ് മത്സരങ്ങൾ,ബാലമാസികകൾ, ഉർദു പത്രങ്ങൾ,വായന കാർഡുകൾ തുടങ്ങിയവ വായനക്ക് ലഭ്യമാക്കൽ. | വിവിധ ദിനാചരണങ്ങളിൽ | ഉർദു സബ്ജക്ട് കൗൺസിൽ | 1500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 2 | **മേരെ അൽഫാസ്** ഉർദു കയ്യെഴുത്ത് മാഗസിൻ | രചനാ ശേഷി വളർത്തൽ, ഉർദുവിൽ മികച്ചതും ഭംഗിയുള്ളതുമായ കൈ എഴുത്ത് എന്നീ ലക്ഷ്യ പൂർത്തീകരണത്തിനും, കുട്ടികളിലെ സർഗ്ഗാത്മകത വളർത്തുന്നതിനും വേണ്ടി കയ്യെഴുത്ത് മാസിക, ചുമർ പത്രിക നിർമണം ,വായന കാർഡ് നിർമാണം | ടേം ൽ 1 വീതം | ഉർദു സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 3 | **e-ദുനിയ** ഉർദു ടൈപ്പിംഗ് | കുട്ടികൾക്ക് ഉർദു ടൈപ്പിംഗിൽ പരിശീലനം നൽകൽ. പ്രിന്റഡ് പതിപ്പുകൾ, വായന കാർഡ് തുടങ്ങിയവ തയ്യാറാക്കൽ. | ഒരു വർഷം | ഉർദു ക്ലബ്ബ് സബ്ജക്ട് കൗൺസിൽ | 1000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 4 | ഡിജിറ്റൽ മാഗസിൻ | കുട്ടികളിലെ രചനകൾ ഉൾപ്പെടുത്തി കൊണ്ട് ഡിജിറ്റൽ മാഗസിൻ തയ്യാറാക്കൽ. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 2500 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
| 5 | **ഖസാന-എ ഇൽമ്** പൊതുവിജ്ഞാനം | പൊതുവായതും ഉർദുവിലുള്ളതുമായ പൊതുവിജ്ഞാനം കുട്ടികളിലെത്തിക്കുന്നതിന് വേണ്ടി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുക. | ടേം ൽ 1 വീതം | ഉർദു ക്ലബ്ബ് | 200 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |

| | | | | | | |
|---|---|---|---|---|---|---|
| 6 | മുശാഇറ | ഉർദു ഗസലിനേയും ഹിന്ദുസ്ഥാനി സംഗീതത്തേയും അടുത്തറിയുന്നതിനും സംഗീത വാസനയുള്ള കുട്ടികളെ കണ്ടെത്തുന്നതിനും മുശാഇറയും ഗസൽ സായാഹ്നവും സംഘടിപ്പിക്കുക. | വർഷത്തിൽ ഒന്ന് | ഉർദു ക്ലബ്ബ് | 7000 | എച്ച്.എം, സബ്ജക്ട് കൗൺസിൽ |
